ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ വകുപ്പുകളിലും 3% തസ്തികകൾ വികലാംഗർക്കായി മാറ്റി വച്ചിട്ടുണ്ട്.

(സി) ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, മറ്റു പ്രധാനപ്പെട്ട വകുപ്പുകളിലെ ജില്ലാ മേധാവികൾ മെമ്പർമാരായുള്ള ജില്ലാതല കമ്മിറ്റികൾ, എംപ്ലോയ്മെന്റിൽ നിന്നും രജിസ്ട്രേഷൻ സീനിയോറിറ്റിയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിൽ അയയ്ക്കുന്ന വികലാംഗരായ ഉദ്യോഗാർത്ഥികളെ എഴുത്തു പരീക്ഷയും കൂടിക്കാഴ്ചയും നടത്തി കളക്ടർമാർ നിയമിക്കുന്നു. 3% നിയമനം നടത്തുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

(ഡി) 3% നിയമനം കാലവിളംബം ഒഴിവാക്കി ബാക്ക് ലോഗ് ഉൾപ്പെടെ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം എല്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

34 (188) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും സദയം മറുപടി നൽകുമോ :

(എ) 1995-ൽ എംപ്ലോയ്മെന്റ് മുഖേന താൽക്കാലികമായി ജോലി ചെയ്ത് വരുന്ന വികലാംഗകരെ സ്ഥിരപ്പെടുത്തുവാൻ നടപടി കൈക്കൊള്ളുമോ ;

(ബി) അതിനുശേഷം എല്ലാ വർഷങ്ങളിലും ജോലി ചെയ്തവരെ സ്ഥിര പ്പെടുത്തിയിട്ടും, 1995-ൽ നിയമിച്ചവരെ മാത്രം സ്ഥിരപ്പെടുത്താതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) 1-1-1981 മുതൽ 31-12-1981 വരെ അന്തർദ്ദേശീയ വികലാംഗ വർഷം പ്രമാണിച്ചും 1-1-1993 മുതൽ 31-7-1994 വരെ സാർക്ക് വികലാംഗവർഷം പ്രമാണിച്ചും 1-1-1997 മുതൽ 14-8-1998 വരെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ചും 15-8-1998 മുതൽ 15-8-1999 വരെ വികലാംഗകരുടെ ഉന്നമനം ലക്ഷ്യമാക്കിയുമാണ് അവരുടെ താൽക്കാലിക സർവ്വീസ് സ്ഥിരപ്പെടുത്തി നിയമനം നൽകിയത്. കാലാകാലങ്ങളിൽ താൽക്കാലികം സർവ്വീസ് നോക്കിയ എല്ലാ വികലാംഗരേയും സ്ഥിരപ്പെടുത്താറില്ല.

ജോലി സ്ഥലത്തുള്ള സ്ത്രീ പീഡനം

35 (189) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലി സ്ഥലത്ത് വനിതകൾക്കെതിരെയുള്ള പീഡനങ്ങൾ അന്വേഷിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ടോ ; ഈ ഉത്തരവനുസരിച്ച് സ്ത്രീകൾ ജോലി ചെയ്യുന്ന തൊഴിൽശാലകളിലും ഓഫീസുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly